**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 98**

**04.02.2013 ൽ മറുപടി യ്ക്കുണ്ടായിരുന്നത്.**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം<br>ശ്രീ. വി. ശശി: | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര കോടി രൂപ സമാഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 25.01.2013 വരെ, പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 3,38,47,845/-രൂപ (മൂന്ന് കോടി മുപ്പത്തിയെട്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി എണ്ണൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത നിധിയിൽ നിന്നും ചികിത്സാ ധനസഹായം അല്ലാതെ മറ്റെന്തിനെല്ലാം ധനസഹായം നൽകുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം അല്ലാതെ തീപിടുത്തം, ഇടിമിന്നൽ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ/മരണം, അപകടമരണങ്ങൾ കടൽക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ/ആളപായം എന്നിവയ്ക്കും ധനസഹായം അനുവദിക്കാറുണ്ട്, ഇതു കൂടാതെ ആകസ്മിക ദുരന്തങ്ങൾക്കിരയായവരുടെ കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കാറുണ്ട്. തൊഴിൽ പ്രശ്നമുണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്കും, ആദിവാസികൾക്കും ഓണക്കാലത്ത് സൗജന്യറേഷൻ നൽകുന്നതിനും ഈ നിധിയിൽ നിന്നും സഹായം അനുവദിക്കാറുണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചികിത്സാ ധനസഹായം ഇനത്തിലല്ലാതെ ദുരിതാശ്വാസനിധിയിൽ നിന്നും എന്ത് തുക ചിലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായം ഇനത്തിലല്ലാതെ, ദുരിതാശ്വാസ നിധിയിൽ നിന്നും 33,02,06,857/- രൂപ (മുപ്പത്തിമൂന്ന് കോടി രണ്ട് ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി അൻപത്തിയേഴ് രൂപ ) ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**